# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 932 02.12.2015-ൽ മറുപടിക്ക്

## ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, പി.എ.മാധവൻ<br>,, ആർ . സെൽവരാജ്<br>,, ഷാഫി പറമ്പിൽ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ. സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം 67% കവറേജിനും, 15% ഒ&എം നും, 10% സസ്റ്റൈനബിലിറ്റിക്കും, 5% സപ്പോർട്ട് ആക്ടിവിറ്റീസിനും, 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവേലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. |

ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽ നിന്നും എസ്.സി/ എസ്.ടി കോളനികളിലേയ്ക്ക് ഡിസ്ട്രിക്ട് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി 'നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണറിയപ്പെടുന്നത്.

| | | | |
|---|---|---|---|
| ബി | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ബി. | നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ |

പണികൾ കൃത്യസമയത്തിന് പൂർത്തീകരി ക്കുന്നതിന് വേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതു കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ